DESPATCHE
19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP.1760*(2)/2020*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ 14550 എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**

**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. രമാദേവി,
മാരാംവീട്,
കടക്കരപ്പള്ളി (പി.ഒ), ചേർത്തല,
ആലപ്പുഴ. } ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ,
ചേർത്തല താലൂക്ക് ഓഫീസ്,
ചേർത്തല, ആലപ്പുഴ - 688 524.

2. അപ്പീൽ അധികാരി & തഹസിൽദാർ,
ചേർത്തല താലൂക്ക് ഓഫീസ്,
ചേർത്തല, ആലപ്പുഴ - 688 524.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25/05/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/06/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02/07/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15/09/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/12/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16/12/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 06/12/2022<br>വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി<br>(ഗോപാലകൃഷ്ണൻ നായർ, H/o. രമാദേവി)<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. രമാദേവി 10/12/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 16/12/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1760(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 25/05/2020-ന് നൽകിയ അപേക്ഷയിൽ ഫയൽ നമ്പർ എസ്.ഡി 125/19, 126/19-ലെ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1) കടക്കരപ്പള്ളി വില്ലേജിൽ സർവ്വേ 202/10 ഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം എത്ര ആർസെന്നും
2) 17/12/2019 തീയതിയിലെ ചേർത്തല സർവ്വേ സൂപ്രണ്ട് ഓഫീസിൽ നിന്നും അളന്ന് തിരിച്ചപ്പോൾ കണ്ടെത്തിയ ടി ഭൂമിയുടെ വിസ്തീർണ്ണം എത്ര ആർസാണെന്നും
3) വിസ്തീർണ്ണത്തിൽ കൂടുതൽ കണ്ടിരുന്നോ മറ്റുമായി 8 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

4. 02/07/2020 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 15/09/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 03/02/2021-ൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ 12/01/2021 പ്രകാരം ലഭ്യമായ കത്തിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന ഹർജിക്കാരിയുടെ രണ്ടാം അപ്പീലിൽ പരാമർശിച്ചിരിക്കുന്ന ഒന്നാമത്തെ ചോദ്യത്തിന്റെ മറുപടി തെറ്റാണെന്ന പരാമർശം അടിസ്ഥാനരഹിതമാണെന്ന് കാണുന്നുവെന്നും, ടി ചോദ്യത്തിനുള്ള എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ അപാകതയില്ലാത്തതാണെന്നും, രണ്ടാമത്തെ ചോദ്യം വിസ്തീർണ്ണം സംബന്ധിച്ചുള്ളതും ആയതിന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരിയുടെ 25/05/2020-ലെ അപേക്ഷ പ്രകാരമുള്ള മറുപടികൾ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടുണ്ടെന്നും, എസ്.ഡി 125/19, എസ്.ഡി 126/19 ഫയലുകളിൽപ്പെട്ട ഉടമകളുടെ സമ്മതമില്ലാതെ വീണ്ടും അളക്കാൻ നിർവാഹമില്ല എന്നതിനാലും ടി മറുപടികളിൽ

അപാകതയില്ല എന്നും ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. 30/11/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ 25/05/2020-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 02/06/2020-ന് SPIO & DT(C സെക്ഷൻ) മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും, ടി മറുപടി തൃപ്തികരമല്ലായെന്ന് കാണിച്ച് 02/07/2020-ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ടി അപേക്ഷയിന്മേൽ 15/09/2020 തീയതി നടത്തിയ വിചാരണയിൽ ഹർജിക്കാരിയുടെ രേഖാമൂലമുള്ള അപേക്ഷ പ്രകാരം ടിയാളുടെ ഭർത്താവായ ശ്രീ. ജി. ഗോപാലകൃഷ്ണപണിക്കർ ഹാജരായിട്ടുണ്ടെന്നുമാണ്. തുടർന്ന് അപേക്ഷകൻ വിവരാവകാശ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ സി6-5446/2020 നമ്പർ ഫയലിൽ അളവ് നടപടി പൂർത്തിയാക്കുന്നതിന് സർവ്വേയറുടെ സേവനം ഏറ്റവും അടുത്ത ദിവസം തന്നെ ലഭ്യമാക്കുന്നതിനും ടിയാൾ ആവശ്യപ്പെട്ട സ്കെച്ച് ലഭ്യമാക്കുന്നതിനും SPIO & DT(C സെക്ഷൻ)-ന് നിർദ്ദേശം നൽകി അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവായിട്ടുണ്ടെന്നുമാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വേയർ അളവു നടപടികൾക്കായി കക്ഷിയെ സമീപിച്ചെങ്കിലും വസ്തു ഉടമകളായ ശ്രീമതി. പ്രസന്ന കുമാരി, കമലാക്ഷിയമ്മ എന്നിവർ അവരുടെ വസ്തു വീണ്ടും അളക്കാൻ സമ്മതമല്ലായെന്നും ആയത് രേഖാമൂലം എഴുതി നൽകിയിട്ടുള്ളതാണെന്നും ടി വസ്തുവിനെ സംബന്ധിച്ച് OS No. 430/20 ആയി ചേർത്തല മുൻസിഫ് കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്തിട്ടുള്ളതുമാണെന്ന അറിയിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന വിവരം സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകിയതിനാലും പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാലും ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV